**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1055** **12.07.2016 ൽ മറുപടിയ്ക്ക്**

**മെത്രാൻ കായൽ , ആറന്മുള വിമാനത്താവള പദ്ധതി പ്രദേശം എന്നിവിടങ്ങളിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു കൃഷി വകുപ്പ് മന്ത്രി) |
| (എ) മെത്രാൻ കായൽ, ആറന്മുള വിമാനത്താവള പദ്ധതി പ്രദേശം എന്നിവിടങ്ങളിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) മെത്രാൻ കായലിൽ 160 ഹെക്ടറിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്. അതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന് 17.06.2016 ൽ കൃഷി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് കർഷകരുടെയും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം ചേരുകയും മെത്രാൻ കായൽ സന്ദർശനം നടത്തി കൃഷിക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് ആവശ്യമായ ചർച്ചകൾ നടത്തുകയും ചെയ്തു. ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി ബണ്ട് നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നീ ബൃഹത്തായ പദ്ധതിക്കായി 5 കോടി രൂപയുടെയും താല്ക്കാലിക അടിസ്ഥാന സൗകര്യങ്ങൾക്കായി 80 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റ് തയാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിലേക്കായി സ്ഥലം MLA, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ, കാർഷിക സർവ്വകലാശാലയിലെ വിദഗ്ദർ എന്നിവർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>ആറന്മുള, കിടങ്ങന്നൂർ, മല്ലപ്പുഴശ്ശേരി എന്നീ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന ആറന്മുള പാടശേഖരത്തിലെ 350 ഏക്കറോളം നിലം നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ആവശ്യത്തിലേക്കെന്ന പേരിൽ വാങ്ങിയിട്ടുള്ളതാകുന്നു. ഇതിൽ ഉദ്ദേശം 70 ഏക്കറോളം നിലം മണ്ണിട്ട് ഭാഗികമായി നികത്തിയിട്ടുള്ളതാകുന്നു. പാടശേഖരത്തിന്റെ സമീപത്തുള്ള കുന്നുകൾ ഇടിച്ചാണ് |

നികത്തൽ നടത്തിയിട്ടുള്ളത്. ചെങ്കൽ സ്വഭാവമുള്ള മണ്ണിട്ട് നികത്തിയതിനാൽ നികത്തിയ ഭാഗം ഉറച്ചുകിടക്കുന്നു. ഇത്തരത്തിലുള്ള അനധികൃത നികത്തലും അപ്രോച്ച് റോഡിന്റെ നിർമ്മാണവും കാരണം വെള്ളക്കെട്ടുണ്ടായി പാടശേഖരത്തിന്റെ മല്ലപ്പുഴശ്ശേരി വില്ലേജിൽപ്പെട്ട ഭാഗത്ത് നെൽകൃഷി ഇറക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. നികത്തപ്പെട്ട സ്ഥലത്തെ മണ്ണ് മുഴുവൻ മാറ്റി കോഴിത്തോട് പൂർവ്വസ്ഥിതിയിൽ കൊണ്ടുവന്ന് കൃഷി പുനരുജ്ജീവിപ്പിക്കുവാൻ കഴിയുന്നതാണ്. കോഴിത്തോട് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തിയും നികത്തപ്പെട്ട സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിക്കുന്ന മുറയ്ക്ക് കൃഷിക്ക് വേണ്ടുന്ന എല്ലാ സഹായവും ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് ഉന്നത തല യോഗം 14.7.2016 ൽ കൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്.ഇതിനു പുറമെ ഭൂപരിധി നിയമം ലംഘിച്ച് ഭൂമി കൈവശം വച്ചിട്ടുള്ളതിൻമേൽ ഒരുമാസത്തിനുള്ളിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**